# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1839

08-06-2018 ൽ മറുപടിയ്ക്ക്

## തലശ്ശേരി കടൽപ്പാലം സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന, നൂറ്റാണ്ടുകൾ പഴക്കമുള്ളതും തുറമുഖ വകുപ്പിനു കീഴിലുള്ളതുമായ പഴകി ദ്രവിച്ച തലശ്ശേരി കടൽപ്പാലം സംരക്ഷിക്കുന്ന രീതിയിലുള്ള എന്തെങ്കിലും നടപടികൾ തുറമുഖ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ ? | തലശ്ശേരി ബീച്ചിന്റെ വികസനത്തിന്റെ ഭാഗമായി കടൽപ്പാലത്തിന്റെ നവീകരണ പ്രവൃത്തിക്ക് 777 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായി ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പാലം നവീകരിക്കാൻ കഴിയാത്തവിധം അപകടാവസ്ഥയിൽ ആയതിനാൽ നവീകരണ പ്രവൃത്തികൾ നടത്തുന്നത് അഭികാമ്യമല്ല എന്ന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ട് പാലത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചും നവീകരിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ചും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് National Institute of Technology യെ ചുമതലപ്പെടുത്തുവാൻ കണ്ണൂരിലെ തുറമുഖ എഞ്ചിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ